DESPATCHED
On.8/3/22.......



4/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1146(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 10262/SIC-G4/2021)**

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 4**

ശ്രീ. ശിവപ്രകാശ് സി.,
കാവേരി മന്ദിരം,
ഇടനാട് പി.ഒ., കാരംകോട്,
കൊല്ലം – 691 579.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്,
ചാത്തന്നൂർ, കാരംകോട് പി.ഒ.,
കൊല്ലം – 691 579.
2) അപ്പീൽ അധികാരി,
കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്
ചാത്തന്നൂർ, കാരംകോട് പി.ഒ., കൊല്ലം – 691 579.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 25/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 23/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 31/05/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/06/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 01/09/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 03/09/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14/09/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 26/10/2021 |
| ഹിയറിംഗ് നടന്ന തീയതി | 30/11/2021 (വീഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

ശ്രീ. ശിവപ്രകാശ് സി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും നൽകിയ മറുപടിയിൽ 15.10.2013–ലെ ബഹു സുപ്രീംകോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നതിനാൽ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി

നൽകാൻ നിർവ്വാഹമില്ലെന്നാണെന്നും വിവരാവകാശ അധികാരിയുടെ ബോർഡ് ടി സ്ഥാപനത്തിൽ സ്ഥാപിച്ചിട്ടില്ലെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കി എതിർകക്ഷികൾക്കെതിരെ നടപടി എടുക്കണമെന്നുമാണ്.

2. 25/01/2021 തീയതി കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ശ്രീ. ജോർജ്ജ് മാത്യു ചെയർമാനായ ശേഷം നാളിതുവരെ വാഹനം ഉപയോഗിച്ച വകയിൽ എത്ര രൂപയുടെ ഇന്ധനം വണ്ടിയിൽ നിറച്ചു എന്നും വണ്ടിക്ക് എത്ര രൂപയുടെ മെയിന്റനൻസ് പണി നടത്തി എന്നും

ii. മേൽപ്പടി വണ്ടി ചെയർമാൻ ചാർജ്ജെടുത്ത നാൾ മുതൽ 2021 ജനുവരി 31 വരെ വണ്ടി എത്ര കിലോമീറ്റർ ഓടി എന്നും

iii. ടി വണ്ടിക്ക് നാളിതുവരെ എത്ര രൂപാ പെറ്റി അടയ്ക്കേണ്ടി വന്നു എന്നും

iv. ഹൈവേ വികസനത്തിനായി മില്ലിന്റെ എത്ര സെന്റ് വസ്തുവാണ് പോകുന്നതെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 23.02.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, 15.10.2013–ലെ ബഹു. സുപ്രീംകോടതി വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിക്കാപ്പെട്ടിരിക്കുന്നതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ലെന്നാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 31.5.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി നൽകിയ മറുപടിയിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട അപേക്ഷ സംബന്ധിച്ച് സഹകരണസ്ഥാപനങ്ങൾ വിവരാവകാശ നിയമം 2(എച്ച്) വകുപ്പിൽ നിർവചിച്ചിരിക്കുന്ന പൊതു അധികാര സ്ഥാപനത്തിന്റെ ഗണത്തിൽ ഉൾപ്പെടുന്നതല്ലെന്ന് ബഹു. സുപ്രീകോടതി തലപ്പാലം സർവ്വീസ് കോ–ഓപ്പറേറ്റീവ് ബാങ്ക് കേസ്സിൽ ഉത്തരവായിട്ടുള്ളതാണെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ലെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ കേരള കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1969 പ്രകാരം 13.2.1976–ൽ രജിസ്റ്റർ ചെയ്ത

ഒരു സ്ഥാപനമാണെന്നും(രജി.നം.(എസ്.റ്റി) 6) 1978 മുതൽ മറ്റ് കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലുകളിലെ പോലെ ഡയറക്ടർ ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സറ്റെയിൽസാണ് മില്ലിന്റെയും രജിസ്ട്രാർ എന്നും ആയതിനാൽ ടി സ്ഥാപനങ്ങൾ വിവരാവകാശ നിയമത്തിലെ 2(എച്ച്) വകുപ്പിൽ നിർവ്വചിച്ചിരിക്കുന്ന പൊതു അധികാര സ്ഥാപനത്തിന്റെ ഗണത്തിൽ ഉൾപ്പെടുന്നതല്ലായെന്ന് ബഹു. സുപ്രീം കോടതി തലപ്പാലം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് കേസ്സിൽ ഉത്തരവായിട്ടുള്ളതാണെന്നും പ്രസ്തുത കാരണത്താലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതിരുന്നതെന്നുമാണ്.

6. അഡ്വ. എൻ. ജയചന്ദ്രൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് കമ്മീഷൻ എ.പി.2381(1)/2015/എസ്.ഐ.സി. നമ്പർ അപ്പീൽ ഹർജി തീരുമാനം എടുക്കുന്നതിനായി എതിർകക്ഷി സ്ഥാപനത്തിന്റെ നടത്തിപ്പിൽ സർക്കാർ നൽകിയിരിക്കുന്ന ധനസഹായം ടി സ്ഥാപനത്തിൽ സർക്കാരിന്റെ ഓഹരി സംബന്ധിച്ച വിവരം മേൽപ്പടി സൊസൈറ്റി സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതാണോ എന്നതിനെ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കാൻ കമ്മീഷൻ ആവശ്യപ്പെട്ടതിൻപ്രകാരം എതിർകക്ഷി സ്ഥാപനത്തിൽ നിന്നും 13.6.2016-ൽ ലഭ്യമാക്കിയ മറുപടിയിൽ സംസ്ഥാന സർക്കാരിൽ നിന്നും ലോണിനത്തിൽ 2,78,409/- ലക്ഷം രൂപ മില്ലിന് ലഭിച്ചിട്ടുണ്ടെന്നും ടി സ്ഥാപനത്തിലെ നിയമനങ്ങൾ നടത്തുന്നത് പൊതുമേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള റിയാബിന്റെ നിർദ്ദേശ പ്രകാരമാണെന്നും ടി സ്ഥാപനത്തിന്റെ അന്നത്തെ മൊത്തം ഓഹരി തുക 2,72,76,300/- രൂപ ആണെന്നും ആയതിൽ സംസ്ഥാന സർക്കാരിന്റെ ഓഹരി തക 2,49,56,200/- രൂപയാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ആയതിൽ നിന്നും ടി സ്ഥാപനത്തിന്റെ ഗണ്യമായ ഓഹരി സംസ്ഥാന സർക്കാരിന്റേതാണെന്നും ടി സ്ഥാപനത്തിൽ നേരിട്ടുള്ള നിയന്ത്രണം സർക്കാരിൽ നിക്ഷിപ്തമാണെന്നുമാകയാൽ ടി സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണെന്ന് വിലയിരുത്തിയാണ് കമ്മീഷൻ എ.പി.2381(1)/2015/എസ്.ഐ.സി. നമ്പർ അപ്പീൽ ഹർജിയിൽ 29.6.2016-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ഈ അപ്പീൽ ഹർജിയിന്മേൽ വ്യവസായ വകുപ്പ് 17.12.2022-ൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് സർക്കാരിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടെങ്കിലും ആയത് വായ്പയായി നൽകിയിട്ടുള്ളതും തിരിച്ചടക്കേണ്ടതുമായതിനാൽ ആയത് ഗണ്യമായ സാമ്പത്തിക സഹായമല്ലെന്നും, ടി മില്ലിന്റെ പൂർണ്ണ നിയന്ത്രണം സംസ്ഥാനത്തിനല്ലെന്നും സർക്കാരിൽ നിന്ന് ടി സ്ഥാപനത്തിന് ഗ്രാന്റോ, സബ്സിഡിയോ. മറ്റ് ഫണ്ടുകളോ നൽകിയിട്ടില്ലെന്നും ആയതിനാൽ കൊല്ലം

സഹകരണ സ്പിന്നിംഗ് മിൽ ലിമിറ്റഡ് എന്ന സ്ഥാപനം പൊതു അധികാരി എന്ന നിർവ്വചനത്തിൽ വരുന്നതല്ലെന്നുമാണ്.

7. അപ്പീൽ ഹർജി, ബന്ധപ്പെട്ട രേഖകൾ, ഹിയറിംഗ് വേളയിൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ബോധിപ്പിച്ച വസ്തുതകൾ എന്നിവ കമ്മീഷൻ വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ബൈലോ പ്രകാരം ഇത് കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1969 പ്രകാരം 13.2.1976-ൽ രജിസ്റ്റർ ചെയ്ത ഒരു സ്ഥാപനമാണ്. അത്തരം സഹകരണ സ്ഥാപനങ്ങൾ വിവരാവകാശ നിയമത്തിലെ 2(എച്ച്) വകുപ്പിൽ നിർവ്വചിച്ചിരിക്കുന്ന പൊതു അധികാര സ്ഥാനത്തിന്റെ ഗണത്തിൽ വരുന്നതല്ലെന്ന് ബഹു. സുപ്രീം കോടതി തലപ്പാലം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് കേസിൽ ഉത്തരവായിട്ടുള്ളതാണ്. കൂടാതെ ടി സ്ഥാപനത്തിന്റെ നിയന്ത്രണം ജനറൽ ബോഡിക്കായതിനാൽ ആയത് സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതുമല്ല. ടി സ്ഥാപനത്തിന് സർക്കാരിൽ നിന്ന് ഗണ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നു എന്ന് ഹർജിക്കാരന് തെളിയിക്കാൻ സാധിച്ചിട്ടുമില്ല. ടി കാരണങ്ങളാൽ കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ എന്ന സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 4-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us